➪ എന്റെ ദേശമാണിത് എന്ന് പറയുമ്പോൾ നമ്മൾ എവിടെയോ ഒരു അതിർത്തി വരയ്ക്കുന്നുണ്ട് ➪

# ഒരു ദേശവാസിയെ എങ്ങനെ രൂപപ്പെടുത്താം?

'മേരേ പ്യാരേ ദേശവാസിയോം' എന്ന വിളി കേൾക്കുമ്പോൾ നിങ്ങൾ പ്രതികരിക്കുന്നുണ്ടെങ്കിൽ നിങ്ങൾ ദേശവാസിയായി മാറുകയാണ്. ദേശവാസിയെ അഭിസംബോധന ചെയ്യുകയല്ല, ദേശവാസിയെ ഉണ്ടാക്കുക എന്ന പ്രത്യയശാസ്ത്രപരമായ സൃഷ്ടി കർമ്മമാണ് ഇവിടെ നടക്കുന്നത്. എന്തുകൊണ്ടാണ് നരേന്ദ്ര മോദിക്ക് ഇങ്ങനെ വിളിക്കേണ്ടി വരുന്നത്?

■ ഡോ. ടി.വി. മധു

2017 മാർച്ച് 6,7,8 തീയതികളിൽ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ വച്ച് സെക്യുലർ ഫോറം സംഘടിപ്പിച്ച 'ദേശീയതയുടെ പുനർവിഭാവനം' എന്ന പ്രഭാഷണ പരമ്പരയിൽ സംസാരിച്ചത്. ഒന്നാം ഭാഗം.

**ദേശം** എന്നത് നമ്മൾ എളുപ്പത്തിൽ നേഷൻ എന്നതിന് പരിഭാഷയായി ഉപയോഗിക്കുന്ന വാക്കാണ്. നേഷൻ എന്നതിൽ ദേശം എന്ന അർത്ഥം ഉണ്ടെങ്കിൽപ്പോലും ദേശം എന്ന് മലയാളത്തിൽ ഉപയോഗിക്കുമ്പോൾ ഒരുപാട് പ്രശ്നങ്ങൾ അതുമായി ബന്ധപ്പെട്ടുണ്ട്. പ്രത്യേകിച്ച് തൃശൂർക്കാർക്ക് ദേശം എന്നാൽ തിരുവമ്പാടിയും പാറമേക്കാവുമാണ്. എന്നോട് ഇവിടെയുള്ള ഒരാൾ ദേശം ഏതാണെന്ന് ചോദിച്ചാൽ ഞാൻ ചേലക്കര എന്ന് പറയും. തൃശൂരിന് പുറത്തുള്ള ഒരാൾ ചോദിച്ചാൽ തൃശൂർ ആണെന്ന് പറയും. കേരളത്തിന് പുറത്തുള്ള ഒരാൾ ചോദിച്ചാൽ കേരളം ആണെന്ന് പറയും. അതിനും പുറത്തുപോയാൽ ഇന്ത്യയാണെന്ന് പറയും. അതിനും പുറത്തുപോയാൽ ഏഷ്യയാണ്. ദേശം എന്നാൽ അത്തരത്തിൽ ഇലാസ്റ്റിസിറ്റി ഉള്ള ഒരു notion ആണ്. വലിച്ചുനീട്ടാനും ചുരുക്കാനും കഴിയും. വലിച്ചുനീട്ടുകയും ചുരുക്കുകയും ചെയ്യുന്ന അതിരുകൾക്കുള്ളിൽ ഒട്ടും നിർണ്ണീതമായ സ്വഭാവമില്ലാത്ത വാക്കാണ് ദേശം. അതിൽ നിന്നാണ് നമ്മൾ ദേശീയത, ദേശീയവാദം എന്നീ വാക്കുകളെല്ലാം ഉണ്ടാക്കുന്നത്. നിർണ്ണീതമായ സ്വഭാവമില്ലാത്ത ഒന്നാണെങ്കിൽ പോലും ദേശത്തെ സാധ്യമാക്കുന്ന രണ്ട് ഉപാധികൾ ഉണ്ട്. ഒന്ന്, അതിന് അതിരുകളുണ്ടാകണം എന്നതാണ്. ഭൂമിശാസ്ത്രപരമായ അതിരുകൾ അകണമെന്നില്ല, സങ്കൽപ്പപരമായാലും മതി. ഒരു sense of boundary വേണം. എന്റെ ദേശമാണിത് എന്ന് പറയുമ്പോൾ നമ്മൾ എവിടെയോ ഒരു അതിർത്തി വരയ്ക്കുന്നുണ്ട്. അതിനെ സാധ്യമാക്കുന്ന ഒരു ഉപാധിയാണ് അതിര്. രണ്ടാമത്തേത് ഉൾപ്പെടൽ ബോധം ആണ്. ഒരു sense of belongingness വേണം. sense of boundary യും sense of belongingness ഉം ആണ് ദേശം എന്ന സങ്കൽപ്പത്തെ സാധ്യമാക്കുന്ന രണ്ട് പ്രധാനപ്പെട്ട ഉപാധികൾ. തൃശൂർ ദേശം എന്നും പാറമേക്കാവ് ദേശം എന്നും പറയുമ്പോൾ നമുക്ക് ഒരു belongingness ഉം boundary യും ഉണ്ട്. ഇംഗ്ലീഷിലെ നേഷൻ എന്ന വാക്കിലും ഇതുണ്ട്. അതിന് ലാറ്റിൻ വേരുകളും ഫ്രഞ്ച് വേരുകളുമുണ്ട്. ലാറ്റിൻ ഭാഷയിലും ഫ്രഞ്ച് ഭാഷയിലും ഉള്ള അർത്ഥവ്യത്യാസം, ഒന്ന് birth എന്നും മറ്റൊന്ന് homeland എന്നും ആണ്. ഈ രണ്ട് വാക്കുകളുടെയും ധാതു

നോക്കിയാൽ, ജന്മം എന്ന് പറയുന്നതിലും ഹോംലാൻഡ് എന്ന് പറയുന്നതിലും ഒരു sense of belongingness ഉണ്ട്. നിങ്ങൾ ഉൾപ്പെടുന്ന ഗോത്രമാകട്ടെ, കൂട്ടമാകട്ടെ, ജനിച്ച സ്ഥലമാകട്ടെ 'നമ്മൾ ഉൾപ്പെടുന്ന സ്ഥലം' എന്ന അർത്ഥത്തിലാണ് ഫ്രഞ്ച് ഭാഷയിലും ലാറ്റിൻ ഭാഷയിലും നേഷന് അർത്ഥമുള്ളത്.

Sense of belongingness നെ സൂചിപ്പിക്കുന്ന രൂപകമാണ് വീട് എന്ന് പറയുന്നത്. ജന്മഗൃഹം എന്ന് പറയുമ്പോൾ; ഭാരതം എന്റെ ജന്മഗൃഹം എന്ന് പറയുമ്പോൾ നമ്മൾ ഒരു വീടിനെ സങ്കൽപ്പിക്കുന്നുണ്ട്. വീട് ഒരു കെട്ടിടമല്ല, പാർപ്പിടമാണ്. നിങ്ങൾ പാർക്കുന്ന ഇടമാണ്. ഇഷ്ടികകൊണ്ടും കല്ലുകൊണ്ടും സിമന്റുകൊണ്ടും കെട്ടിടം മാത്രമേ ഉണ്ടാക്കാൻ കഴിയൂ. അത് വീടാകുന്നത് belongingness ഉണ്ടാകുമ്പോഴാണ്. എന്റെ ഭവത്തിന്റെ/ഉണ്മയുടെ ഇടമായി അത് തിരിച്ചറിയപ്പെടുമ്പോഴാണ് കെട്ടിടം വീടായി മാറുന്നത്. പലപ്പോഴും ദേശത്തെ വീടായി സങ്കൽപ്പിക്കാറുള്ളത് നമ്മൾ പാട്ടുകളിലും മറ്റും കേൾക്കാറുണ്ട്. വീടിന് പുറമുണ്ട്, വിരുന്നുകാരുണ്ട്, അയൽപക്കമുണ്ട്, ശത്രുക്കളുണ്ട്. ഈ രൂപകത്തിന്റെ ഒരു രീതിയിലാണ് നമ്മൾ പലപ്പോഴും ദേശത്തെ കാണാറുള്ളത്.




എനിക്ക് തോന്നിയിട്ടുള്ളത്, വീട് മനുഷ്യർക്ക് ഒരു വേരുണ്ടാക്കിക്കൊടുക്കുന്ന സ്ഥലമാണെന്നാണ്. മനുഷ്യർ അങ്ങനെ വേരുള്ള ഒരു ജീവിയല്ല. വേരുള്ളത് മരത്തിനാണ്, ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്ന വേരുകൾ. മനുഷ്യനെക്കുറിച്ചുള്ള ഉപനിഷത്ത് ഇമേജ് എന്നത് തല തിരിഞ്ഞ് നിൽക്കുന്ന മരത്തിന്റേതാണ്. 'ഊർദ്ധ്വമൂലം, അധശാഖം' എന്നാണ് പറയുന്നത്. മരത്തെ തലതിരിച്ചിട്ടാലുള്ള രൂപമാണ് മനുഷ്യർക്ക്. ഭൂമിയിൽ വേരുപിടിച്ച ജീവിയല്ല മനുഷ്യർ. നടന്നുപോകുന്നതിനുള്ള മണ്ണ് മാത്രമാണ് മനുഷ്യന് ഭൂമി. ഒരു ഇഴജന്തുവിന്റെ അത്രപോലും മണ്ണ് മനുഷ്യന് വേണ്ട. പക്ഷെ, നടന്നുപോകാനുള്ള മണ്ണ് മാത്രമായ ഭൂമിയെ മനുഷ്യർ ജന്മഭൂമിയായി തിരിച്ചറിയുകയാണ്. ഇവിടെ പാർപ്പുറപ്പിക്കുന്നു, വേരുകളാഴ്ത്തുന്നു. ഭൂമിയുടെ മുകളിലൂടെ നടന്നുപോകാൻ മാത്രം വിധിക്കപ്പെട്ട ജീവികൾ ആ യാത്രയുടെ ഉറപ്പില്ലായ്മയെ മറികടക്കുന്നത് വീടു പണിതുകൊണ്ടാണ്. ഉണ്മയെ കുറ്റിയടിച്ചു കെട്ടാനുള്ള ഇടമായി വീട് നമ്മുടെ ഉള്ളിലുണ്ട്. നമ്മുടെ ഭവത്തിന് വേരൂന്നാനുള്ള ഇടമായി ഭൂമിയെ സങ്കൽപ്പിക്കുമ്പോഴാണ് ജന്മഭൂമി-മാതൃഭൂമി എന്ന സങ്കൽപ്പം ഉണ്ടാകുന്നത്. നമുക്കെല്ലാം സുപരിചിതമായ ഒരു പാട്ടുണ്ട്; 'ഭാരതമെന്നാൽ പാരിൻ നടുവിൽ കേവലം ഒരുപിടി മണ്ണല്ല, ജനകോടികൾ നമ്മെ നാമായി മാറ്റിയ ജന്മഗൃഹമല്ലോ' എന്ന്. ദേശീയതാ വികാരത്തെ ഉത്തേജിപ്പിച്ചിട്ടുള്ള പല പാട്ടുകളിൽ ഒന്നാണിത്. ആ പാട്ടൊന്ന് നോക്കൂ. ഭാരതം എന്നത് ഭൂമിയിലുള്ള ഒരുപിടി മണ്ണല്ല, അത് ഗൃഹമാണ് എന്നാണ് പറയുന്നത്. മണ്ണ് എങ്ങനെയാണ് ഗൃഹമായി മാറുന്നത്? മണ്ണ് എങ്ങനെയാണ് നമ്മെ ജനിപ്പിച്ച മാതൃഭൂമിയായി മാറുന്നത്? ഇത് എല്ലാ സങ്കൽപ്പങ്ങളിലും കാണാം. ഇന്ത്യ എന്റെ രാജ്യമാണ്, എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരി സഹോദരന്മാരാണ് എന്നാണ് പറയുന്നത്. ഈ മണ്ണിൽ പിറന്നവരെല്ലാം ഉരേ ഉദരത്തിൽ പിറന്നവരാണെന്നാണ് അതും അർത്ഥമാക്കുന്നത്. ഇതെല്ലാം നമ്മൾ നടന്നുപോകുന്ന മണ്ണിന്റെ മുകളിൽ നമുക്കൊരു belongingness ഉണ്ടാക്കുകയാണ്. ഈ സങ്കൽപ്പത്തിന്റെ മുകളിലാണ് ജന്മഗൃഹം, മാതൃഭൂമി എന്നീ സങ്കൽപ്പങ്ങളെല്ലാം ഉണ്ടാകുന്നത്. മണ്ണ് ദേശവും ഉദരവുമൊക്കെയായി സങ്കൽപ്പിക്കപ്പെടുന്ന തലത്തിലാണ് ദേശീയതയും ദേശബോധവും ഉണ്ടാകുന്നത് എന്നാണ് ഞാൻ പറയാൻ ശ്രമിക്കുന്ന കാര്യം. വാസ്തവത്തിൽ ഭൂമിയുടെ ഏതോ പ്രദേശത്തുള്ള മണ്ണ് മാത്രമാണിത്. എന്നാൽ കേവലം ഒരുപിടി മണ്ണായല്ല, ജനകോടികൾ നമ്മെ നാമായി മാറ്റിയ ജന്മഗൃഹമായാണ് അത് തിരിച്ചറിയപ്പെടുന്നത്. ഇതൊരു ഭാവനയാണ്. ഭാവനയുടെ തലത്തിലാണ് മണ്ണ് ജന്മഗൃഹമായി മാറുന്നത് എന്നുള്ളത്

നമ്മൾ എപ്പോഴും ആലോചിക്കണം.

1983ൽ ആണ് ബെനഡിക് ആൻഡേഴ്സൺ എന്നയാളുടെ പ്രസിദ്ധമായ പുസ്തകം 'ഇമാജിൻഡ് കമ്മ്യൂണിറ്റീസ്' ഇറങ്ങുന്നത്. 'Imagined Communities: Reflections on the Origin and Spread of Nationalism' എന്നാണ് പുസ്തകത്തിന്റെ മുഴുവൻ പേര്. അതിൽ അദ്ദേഹം പറയുന്ന ആശയം ഏതാണ്ട് ഇതുപോലെ തന്നെയാണ്. രാഷ്ട്രം എന്ന് പറയുന്നത് ഒരു imagined community, ഭാവനാ സമൂഹം, കൽപ്പിത സമൂഹമാണെന്നാണ് അദ്ദേഹത്തിന്റെ വാദം. ഞാൻ ഇന്ത്യയിൽ ജീവിക്കുന്നു എന്ന് പറയുമ്പോൾ ഞാൻ ഒരു ഭാവനാ സമൂഹത്തിലാണ് ജീവിക്കുന്നത്. ഇവിടെ ഭാവനയെ കേവലം ഒരു മനോവ്യാപരമായല്ല കാണേണ്ടത്. ഭാവന എന്ന വാക്കുതന്നെ മനോഹരമായ വാക്കാണ്. ഭാവനയിൽ ഭവമുണ്ട്. ഉണ്മ നിങ്ങൾ അതിൽ നിക്ഷേപിക്കുന്നുണ്ട്. ഭാവന ഭവനമായി മാറുകയാണ് വാസ്തവത്തിൽ സംഭവിക്കുന്നത്. ഭാവനയിൽ നമ്മൾ താമസിക്കുകയാണ്. ഭാവനയിൽ നമ്മൾ നമ്മുടെ ഉണ്മയെ നിക്ഷേപിക്കുകയും അത് ഭവത്തിന്റെ ഇടമായി മാറുകയും ചെയ്യുന്ന മറിമായം സംഭവിക്കുന്നുണ്ട്. ഏതുരാജ്യവും സ്വദേശമായി, എന്റെ ദേശമായി തിരിച്ചറിയുമ്പോഴാണ് ഇത് സംഭവിക്കുന്നത്. ഈ അർത്ഥത്തിൽ നോക്കിയാൽ ദേശം എന്നത് ഭൂമിശാസ്ത്രപരമായ ഒന്നല്ല, ഭാവനാപരമായ ഒന്നാണ്. മനോവ്യാപാരം/സ്വപ്നം എന്ന അർത്ഥത്തിലല്ല; ജീവിക്കുന്ന സ്വപ്നമായി, മനുഷ്യർ പാർക്കുന്ന ഒരു സങ്കൽപ്പന ഭൂമികയായി ദേശത്തെ കാണുകയാണെങ്കിൽ അപ്പോഴാണ് ഒരു ദേശവാസിയുണ്ടാകുന്നത്. ഭാവനയിൽ ജീവിക്കാൻ നമ്മൾ എപ്പോൾ തുടങ്ങുന്നുവോ അപ്പോഴാണ് ഒരു ദേശവാസിയുണ്ടാകുന്നത് എന്നതാണ് ഒരു ആശയം.

ഞാൻ ഇന്ത്യയിൽ ജീവിക്കുന്നു എന്ന് പറയുമ്പോൾ ഞാൻ ഒരു ഭാവനാ സമൂഹത്തിലാണ് ജീവിക്കുന്നത്. ഇവിടെ ഭാവനയെ കേവലം ഒരു മനോവ്യാപരമായല്ല കാണേണ്ടത്. ഭാവന എന്ന വാക്കുതന്നെ മനോഹരമായ വാക്കാണ്. ഭാവനയിൽ ഭവമുണ്ട്. ഉണ്മ നിങ്ങൾ അതിൽ നിക്ഷേപിക്കുന്നുണ്ട്. ഭാവന ഭവനമായി മാറുകയാണ് വാസ്തവത്തിൽ സംഭവിക്കുന്നത്. ഭാവനയിൽ നമ്മൾ താമസിക്കുകയാണ്. ഭാവനയിൽ നമ്മൾ നമ്മുടെ ഉണ്മയെ നിക്ഷേപിക്കുകയും അത് ഭവത്തിന്റെ ഇടമായി മാറുകയും ചെയ്യുന്ന മറിമായം സംഭവിക്കുന്നുണ്ട്.

ആൻഡേഴ്സൺ സൂചിപ്പിക്കുന്നത് നേഷൻ സ്റ്റേറ്റിനെക്കുറിച്ചാണ്. നേഷൻ സ്റ്റേറ്റ് എന്നതും സങ്കീർണ്ണമായ മറ്റൊരു ആശയമാണ്. ദേശരാഷ്ട്രം എന്ന് നമ്മൾ അത് പരിഭാഷപ്പെടുത്താറുണ്ട്. അതിൽ ദേശവും രാഷ്ട്രവും ഉണ്ട്. രണ്ടും വ്യത്യസ്തമായ സങ്കൽപ്പങ്ങളാണ്. ദേശം എന്ന് പറയുന്നത് സാംസ്കാരികമായ ഒരു entity ആണ്. ഈ ദേശത്തിൽ ഞാൻ ഉൾപ്പെടുന്നത് ഈ ദേശത്തിന്റെ ചില മൂല്യങ്ങളെ ഞാൻ ഉൾക്കൊള്ളുന്നതുകൊണ്ടാണ്. വിശ്വാസങ്ങൾ പങ്കുവയ്ക്കുന്നുണ്ട്, ഭാഷ പങ്കുവയ്ക്കുന്നുണ്ട്, വസ്ത്രധാരണം പങ്കുവയ്ക്കുന്നുണ്ട്. എന്നാൽ രാഷ്ട്രം എന്നത് ഒരു political entity ആണ്. നേഷൻ സ്റ്റേറ്റ് എന്ന ആശയം തന്നെ വാസ്തവത്തിൽ ഫ്രഞ്ച് വിപ്ലവത്തിന് ശേഷം രൂപപ്പെട്ടുവന്ന മാതൃകയാണ്. ദേശത്തിന്റെയും രാഷ്ട്രത്തിന്റെയും അതിർത്തികൾ ഒന്നായി മാറുന്ന പ്രത്യേക പ്രതിഭാസം രൂപപ്പെടുന്നത് ആ ഒരു കാലഘട്ടത്തിലാണ്. Cultural entity യുടെയും political entity യുടെയും അതിരുകൾ ഒന്നായി മാറുന്ന വളരെ വിചിത്രമായ ഒരു സംഗതി നടക്കുന്നത് അന്നാണ്. ഇത് യൂറോപ്യനായ ഒരു സങ്കൽപ്പമാണ്. ഇന്ത്യ നേഷൻ സ്റ്റേറ്റായി മാറുമ്പോഴുണ്ടാകുന്ന വലിയ സങ്കീർണ്ണതകൾ നമുക്കറിയാം. സാംസ്കാരികമായ entity എന്ന നിലയിൽ ഇന്ത്യയെ കാണാൻ കഴിയുമോ? ഒരുപാട് പാരമ്പര്യങ്ങളും വിശ്വാസങ്ങളും ഉള്ളതിനാൽ അത് സാധ്യമല്ല. വളരെ സങ്കീർണ്ണമായ വ്യത്യാസങ്ങളുള്ള ഒരു പ്രദേശത്തെ ഒരു സാംസ്കാരിക entity ആയി കാണുക, ആ സാംസ്കാരിക entity യെ political entity ആയി മാറ്റുക എന്നത് ഇന്ത്യയെ സംബന്ധിച്ച് ഇനിയും പൂർത്തിയാകാത്ത ഒരു പ്രക്രിയയാണ്. യൂറോപ്പിൽ അത് കുറേക്കൂടി എളുപ്പമായിരുന്നു. ഇന്ത്യയിൽ ഇന്നും പൂർത്തീകരിക്കപ്പെട്ടിട്ടില്ലാത്ത ഒരു പദ്ധതിയാണ് നേഷൻ സ്റ്റേറ്റ്.

ബെനഡിക്ട് ആൻഡേഴ്സൺ ദേശം ഒരു ഭാവനാ സമൂഹമാണ് എന്ന് പറഞ്ഞത് നേഷൻ സ്റ്റേറ്റ് എന്ന അർത്ഥത്തിലാണ്. അതിനെ രൂപപ്പെടുത്തിയ ഒരുപാട് ഘടകങ്ങളെക്കുറിച്ച് അദ്ദേഹം പുസ്തകത്തിൽ പറ



ബെനഡിക്ട് ആൻഡേഴ്സൺ

യുന്നുണ്ട്. അതിൽ പ്രധാനം, print capitalism അതായത് അച്ചടി മുതലാളിത്തം ആണ്. Imagined Community എന്ന നിലയിൽ ദേശരാഷ്ട്രത്തെ രൂപപ്പെടുത്തിയ പല ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് അച്ചടിയാണ്. പത്രം വായിച്ചുകൊണ്ടാണ് മനുഷ്യർ ഒരു ദേശത്ത് ജീവിക്കാൻ തുടങ്ങിയത് എന്നാണ് ആൻഡേഴ്സൺ പറയുന്നത്. യൂറോപ്പിന്റെ സാഹചര്യത്തിൽ നിന്നുകൊണ്ടാണ് ഇത് പറയുന്നത്. Sense of belongingness ഉണ്ടാകുന്നത് അങ്ങനെയാണ്. ഭാവന ഭവനമായി മാറിയത് നിങ്ങളുടെ ഭവനത്തിന് മുന്നിൽ പത്രം വന്നു വീണതുകൊണ്ടാണ്. അച്ചടി മുതലാളിത്തമുണ്ടാക്കിയ പ്രധാനപ്പെട്ട ഒരു കാര്യം പ്രത്യേകതരത്തിലുള്ള സമയ-കാല സങ്കൽപ്പത്തെ സൃഷ്ടിച്ചു എന്നതാണ്. സമകാലം സമയത്തെ തിരശ്ചീനമായി കാണുന്നു. ഞാൻ വായിക്കുന്ന വാർത്ത എന്റെ അയൽവീട്ടിൽ ഉള്ള ഒരാളും വായിക്കുന്നു. മറ്റൊരു പ്രദേശത്തുള്ള, ഞാൻ അറിയാത്ത ഒരുപാട് പേർ ഒരേ സമയത്ത് ഒരേ വാർത്ത വായിക്കുകയും, നേഷനെപ്പറ്റി ഒരേ സമയത്ത് ചിന്തിക്കുകയും ചെയ്യുന്നതരത്തിൽ സമയം പരന്നുപോകുന്നു. തിരശ്ചീനമായ sense of time പ്രിന്റ് ക്യാപിറ്റലിസത്തിലൂടെ രൂപപ്പെടുന്ന ഒന്നാണെന്ന് അദ്ദേഹം പറയുന്നു. വീടുകളിൽ പത്രം വന്ന് വീഴുക, എല്ലാവരും പത്രത്തിന് മുന്നിൽ ആൻഡേഴ്സൺ പറയുന്നപോലെ ധ്യാനനിരതരായി നോക്കിയിരിക്കുക, അപ്പോൾ നിങ്ങൾ സ്വയം മറുന്നുകൊണ്ട് നേഷന്റെ ഉള്ളിൽ participate ചെയ്യുന്നു. ഈയൊരു ഇൻവെസ്റ്റ്മെന്റിൽ കൂടിയാണ്, സമയത്തെ തിരശ്ചീനമായി മാറ്റിയതിലൂടെയാണ് ദേശം എന്ന ഭാവനയിൽ മനുഷ്യർ എത്തുന്നത്. ഇന്ത്യയിൽ അത് കുറേയൊക്കെ ശരിയാണ്. ഉദാഹരണമായി കേരളത്തിലെ പത്രങ്ങളുടെ പേര് നോക്കൂ, മാതൃഭൂമി, ദേശാഭിമാനി എല്ലാം ദേശവുമായി ബന്ധപ്പെട്ട ഇമേജുകളാണുണ്ടാക്കുന്നത്. ദേശഭാവനയെ രൂപപ്പെടുത്തുന്നതിൽ പ്രധാനപങ്ക് അച്ചടി മുതലാളിത്തത്തിന് ഉണ്ട് എന്ന് ആൻഡേഴ്സൺ യൂറോപ്പിന്റെ അനുഭവത്തിൽ പറഞ്ഞത് ഇന്ത്യയിലും കുറേ ശരിയാണ്.

ദേശരാഷ്ട്രത്തിന് നിലനിൽക്കണമെങ്കിൽ ദേശവാസി ഉണ്ടാകേണ്ടതുണ്ട്. ദേശം തന്റെ ദേശമായി തിരിച്ചറിയുന്ന ലക്ഷണമൊത്ത ദേശവാസിയെ ഉണ്ടാക്കിയെടുക്കുക എന്നത് ഏതൊരു ദേശരാഷ്ട്രത്തിന്റെയും, ദേശത്തിന്റെയും നിലനിൽപ്പിന് അടിസ്ഥാനമാണ്. ജനിച്ചിട്ടുണ്ടെങ്കിൽപ്പോലും അധികദൂരമൊന്നും ജീവിതം പിന്നിടാൻ കഴിയാത്ത ഒരാളാണ് ഇന്ത്യയെ സംബന്ധിച്ച് ദേശവാസി. യൂറോപ്പിനെ സംബന്ധിച്ച് വ്യത്യസ്തമാണ് ചിത്രം. എന്തുകൊണ്ടാണ് ഒരു ലക്ഷണമൊത്ത ദേശവാസി ഇന്ത്യയിൽ രൂപപ്പെട്ടുവന്നിട്ടില്ല എന്ന് ഞാൻ പറയാൻ കാരണം? നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങൾ ഇപ്പോഴും ഇന്ത്യയിൽ ആയിട്ടില്ല. "യു ഇന്ത്യൻസ്" എന്നാണ് അവർ പറയുന്നത്. ദേശവാസി ഇന്ത്യയിൽ രൂപപ്പെട്ടുവന്നിട്ടില്ല എന്നറിയാൻ ഒരുപാട് ഗവേഷണത്തിന്റെ ആവശ്യമില്ല.

അടുത്തിടെ ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിലുള്ള സിൽച്ചാർ എന്ന സ്ഥലത്ത് ഒരു സെമിനാറിൽ പങ്കെടുക്കുന്നതിനായി പോയി. അവിടെ ഒരു നദിയുടെ അപ്പുറം ബംഗ്ലാദേശും ഇപ്പുറം ഇന്ത്യയുമാണ്. നേഷന്റെ ഭൗതികവും സാങ്കൽപ്പികവുമായ അതിർത്തിയിൽ ഞാൻ നിൽക്കുകയായിരുന്നു. അതിർത്തിയിൽ പുഴയിലേക്ക് തോക്കുചൂണ്ടി നിൽക്കുന്ന പട്ടാളക്കാരുണ്ട്. തോണികളിൽ ബംഗ്ലാദേശികളും ഇന്ത്യാക്കാരും മീൻ പിടിക്കുന്നു. ബംഗ്ലാദേശിൽ നിന്നും വരുന്ന തോണികളിൽ ബംഗ്ലാദേശ് പതാകയും ഇവിടെ നിന്നും പോകുന്ന തോണികളിൽ ഇന്ത്യൻ പതാകയുമുണ്ട്. രണ്ട് തോണിക്കാരും തമ്മിൽ സംഭാഷണങ്ങളുണ്ട്. മീനുകൾ സ്വദേശിയോ വിദേശിയോ അല്ലാത്തതിനാൽ അവർ അത് പിടിച്ച് വിൽക്കുന്നു. ദേശം എതാണെന്ന് അവരിൽ ചിലരോട് ചോദിച്ചപ്പോൾ അത് അവർക്കറിയില്ല. അറിവുകേടിന്റെ പ്രശ്നമല്ല, അത് അവരെ ബാധിക്കുന്നില്ല. മീനുകളെപ്പോലെയാണ് അവരുടെ ജീവിതം. Doubtful voters എന്നാണ് ഇവരെ കാറ്റഗറൈസ് ചെയ്തിരിക്കുന്നത്. ഇവരുടെ സിറ്റിസൺഷിപ്പിൽ സ്റ്റേറ്റിന് സംശയമുണ്ട്. അതിർത്തികളുള്ള ഒരു പ്രദേശത്തിന്റെ ഉള്ളിലാണ് ജീവിക്കുന്നതെങ്കിലും ആ polityയുടെ ഉള്ളിൽ അവർ വന്നിട്ടില്ല. നേഷൻ സ്റ്റേറ്റിന്റെ ഭാഗമാകണമെങ്കിൽ polityയുടെ ഉള്ളിൽ വരണം. ദേശഭാവന അവരുടെ ഭവനമായി മാറിയിട്ടില്ല. ഇന്ത്യയെ മുഴുവനായി എടുത്താലും, ജനിച്ചിട്ടുണ്ടെങ്കിലും രൂപപ്പെട്ടുവന്നിട്ടില്ലാത്ത ഒരു ജീവിയാണ് ഇവിടെ ദേശവാസി എന്നാണ് എന്റെ നിരീക്ഷണം. ദേശഭാവന ഭവനമായി മാറുന്ന അന്തരീക്ഷം രൂപപ്പെടുത്തി

യെടുക്കുക എന്നത് ഇന്ത്യയെ സംബന്ധിച്ച് വളരെ ദുഷ്കരമാണ്.

ദേശഭാവനയെ ഭവനമാക്കി മാറ്റാനുള്ള ശ്രമം, ദേശവാസിയെ ഉണ്ടാക്കിയെടുക്കാനുള്ള ശ്രമം ഇന്ത്യയിലുണ്ടായത് ദേശീയ പ്രസ്ഥാനത്തിന്റെ കാലത്താണ്. ദേശീയപ്രസ്ഥാനം എന്താണ് ചെയ്തത്. 'വിരുന്നുവന്നവർ വീടാകെ നശിപ്പിച്ചു, വീട് പുതിക്കി പണിയണം, ഇനി വിശ്രമമില്ല' എന്നാണ് പാടിയിരുന്നത്. വിരുന്നുവന്നവർ വീട്ടുകാരായി മാറി, അവരെ പുറത്താക്കണം. അതായത് ഉള്ളിലുള്ള ഒരു വിദേശിയെ പുറത്താക്കിയിട്ടാണ് നമ്മൾ ദേശവാസിയായി മാറേണ്ടത്. ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രം നോക്കിയാൽ ദേശം എന്ന ഭാവനയെ നിർമ്മിക്കാനുള്ള ശ്രമം മുഴുവൻ ഉള്ളിലുള്ള വിദേശിയെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഉണ്ടായത് എന്നു കാണാം. അതൊരു വലിയ അളവുവരെ വിജയിച്ചു. ഗാന്ധി അടക്കമുള്ള ദേശീയപ്രസ്ഥാന നേതാക്കളുടെ പ്രധാന ശ്രമം സ്വദേശിയെ ഉണ്ടാക്കുക എന്നതായിരുന്നു. ഉള്ളിലുള്ള വിദേശി ഒടുവിൽ പുറത്തുപോയി. പിന്നെ എങ്ങനെയാണ് ഈ ദേശവാസി ജീവിക്കുന്നത്? ദേശവാസിക്ക് ജന്മം കൊടുത്തത് ഉള്ളിലുള്ള ഒരു വിദേശിയാണ്. ആ വിദേശി പുറത്തുപോയിക്കഴിഞ്ഞപ്പോൾ ഈ ദേശവാസിക്ക് ജീവിക്കണമെങ്കിൽ മറ്റൊരു വിദേശി വേണ്ടിവന്നു. വിദേശിയുണ്ടായാൽ മാത്രം പോരാ, അപകടകാരിയായ ഒരു വിദേശി വേണം. Dangerous foreigner ഉണ്ടെങ്കിൽ മാത്രമേ ദേശവാസി എന്ന ജീവിക്ക് ജീവിക്കാൻ കഴിയൂ. ദേശവാസി ശ്വസിക്കുന്ന വായു എന്നത് വിദേശിപ്പേടിയാണ്. എപ്പോൾ വേണമെങ്കിലും അകത്ത് പ്രവേശിക്കാവുന്ന, വീടിന്റെ ഭദ്രതയെ തകർക്കാൻ സാധ്യതയുള്ള, ഭവനഭേദനം നടത്താൻ സാധ്യതയുള്ള ഒരു അപകടകാരിയായ വിദേശിയെ ചൂണ്ടിക്കാണിക്കുന്നു. നിങ്ങളുടെ അതിർത്തിയുടെ അപ്പുറത്ത് അത്തരത്തിലുള്ള ഒരു വിദേശി നോക്കിയിരിക്കുന്നുണ്ട് എന്ന് പറയുന്നു. അതുകൊണ്ടാണ് ദേശത്തിനുള്ളിൽ പ്രശ്നമുണ്ടാക്കുന്നവരെല്ലാം അവിടേക്ക് പോകൂ എന്ന് പറയുന്നത്.

Cultural entity യും political entity യും കൂടിച്ചേർന്നു നിൽക്കുന്ന ദേശവാസി എന്ന യൂറോപ്യനായ മോഡൽ ഇന്ത്യയിൽ നടക്കാതെ പോയ ഒരു പ്രോജക്ടാണ്. ദേശവാസി ജനിച്ചിട്ടുണ്ടെങ്കിലും അധികദൂരം ജീവിക്കാൻ കഴിയാത്ത ഒരു ജീവിയായി അത് അവശേഷിക്കുകയാണ്. ഈ സന്നിഗ്ദ്ധതകൾക്ക് മുകളിലാണ് 'മേരേ പ്യാരേ ദേശവാസിയോം...' എന്ന വലിയ സംബോധന നമ്മൾ കേൾക്കുന്നത്. എന്താണ് ഈ സംബോധന? പണ്ട് നമ്മുടെ പ്രധാനമന്ത്രിമാരൊന്നും ഇങ്ങനെ പറഞ്ഞിട്ടില്ല. സംഗീതാത്മകമായും ഭീഷണിയായും തോന്നുന്ന ഈ വിളി ആരെയാണ് വിളിക്കുന്നത്? ഉണ്ടായി

ദേശവാസി ജനിച്ചിട്ടുണ്ടെങ്കിലും അധികദൂരം ജീവിക്കാൻ കഴിയാത്ത ഒരു ജീവിയായി അത് അവശേഷിക്കുകയാണ്. ഈ സന്നിഗ്ദ്ധതകൾക്ക് മുകളിലാണ് 'മേരേ പ്യാരേ ദേശവാസിയോം...' എന്ന വലിയ സംബോധന നമ്മൾ കേൾക്കുന്നത്. എന്താണ് ഈ സംബോധന? പണ്ട് നമ്മുടെ പ്രധാനമന്ത്രിമാരൊന്നും ഇങ്ങനെ പറഞ്ഞിട്ടില്ല. സംഗീതാത്മകമായും ഭീഷണിയായും തോന്നുന്ന ഈ വിളി ആരെയാണ് വിളിക്കുന്നത്? ഉണ്ടായി വന്നിട്ടില്ലാത്ത ഒരു ദേശവാസിയെയാണ് 'പ്യാരേ ദേശവാസിയോം' എന്ന് വിളിക്കുന്നത്.



വന്നിട്ടില്ലാത്ത ഒരു ദേശവാസിയെയാണ് 'പ്യാരേ ദേശവാസിയോം' എന്ന് വിളിക്കുന്നത്. ജനിച്ചെങ്കിലും ജീവിക്കാൻ കഴിയാതെ പോയ ദേശവാസിയെ സംബോധന ചെയ്യുന്ന ചടങ്ങാണ് ഈ വിളി. ദേശവാസി എന്നത് സംബോധനയാണ്. അൽത്തൂസറിനെപ്പോലുള്ളവർ പറയുന്നതുപോലെ ideological interpellation ആണത്.

സംബോധന രണ്ട് തരത്തിലുണ്ട്. ഒരു ഹിന്ദു അവിടെയുണ്ട്. ആ ഹിന്ദുവിനെ നിങ്ങൾ ഹിന്ദു എന്ന് അഭിസംബോധന ചെയ്യുന്നു. മറ്റൊന്ന് നിങ്ങൾ വിളിക്കുന്നതിലൂടെ ഒരു ഹിന്ദു ഉണ്ടാകുന്നു. ഇതിനോടകം ഒരു ഹിന്ദു ഇല്ലാതിരിക്കുകയും വിളിക്കുന്നതിലൂടെയും വിളി കേൾക്കുന്നതിലൂടെയും ഒരു ഹിന്ദു ഉണ്ടായി വരുകയും ചെയ്യുന്നു. ഈ പ്രകിയയെ സൂചിപ്പിക്കുന്നതിനാണ് നവ മാർക്സിസ്റ്റുകൾ interpellation, സംബോധന എന്ന ആശയം ഉപയോഗിക്കുന്നത്. Ideology എന്നത് interpellation ലൂടെ വ്യക്തികളെ പ്രത്യേകതരത്തിലുള്ള കർമ്മങ്ങൾ ചെയ്യാൻ പ്രാപ്തരായ ആളുകളാക്കി മാറ്റുന്ന പ്രക്രിയയാണ്. ഏതു വിളിയും നിഷ്കളങ്കമായ വിളിയല്ല. ഏതു വിളിയിലും, ഉള്ള ഒന്നിനെയല്ല നിങ്ങൾ വിളിക്കുന്നത്. ഒന്നിനെ ഉണ്ടാക്കുക എന്ന ക്രിയകൂടിയാണ് വിളി. മെല്ലെ മെല്ലെ നിങ്ങൾ ഈ വിളിയോട് പ്രതികരിച്ചു തുടങ്ങുന്നു. വിളികേൾക്കുക എന്നത് വളർത്തു മൃഗത്തിന്റെ സ്വഭാവമാണ്. നല്ല ചൊല്ലുവിളിയുള്ള ആളാണെന്ന് പ്രയോഗമുണ്ട്. അതായത് നല്ല അനുസരണയുള്ള ആളാണെന്നർത്ഥം. വിളിക്കുന്നതിനോട് പ്രതികരിക്കുക എന്നത് എല്ലാ വളർത്തുജീവികളുടെയും ഗുണമാണ്. വന്യമൃഗത്തിന് ചൊല്ലുവിളിയില്ല. വിളിയുടെ ഉന്നമായി അത് സ്വയം തിരിച്ചറിയുന്നില്ല. എന്നെയാണ് ഉദ്ദേശിച്ചത് എന്ന അർത്ഥത്തിൽ പ്രതികരിക്കാറില്ല. വളർത്തുക എന്ന പ്രക്രിയയുടെ ഏറ്റവും പ്രാഥമികമായ കാര്യം വിളിക്കുമ്പോൾ വിളി കേൾക്കുക എന്നതാണ്. ദേശവാസി എന്ന വിളി കേൾക്കുമ്പോൾ നിങ്ങൾ പ്രതികരിക്കുന്നുണ്ടെങ്കിൽ നിങ്ങൾ ദേശവാസിയായി മാറുകയാണ്.

ദേശവാസിയെ അഭിസംബോധന ചെയ്യുകയല്ല, ദേശവാസിയെ ഉണ്ടാക്കുക എന്ന പ്രത്യയശാസ്ത്രപരമായ സൃഷ്ടി കർമ്മമാണ് നടക്കുന്നത്. എന്തുകൊണ്ടാണ് മോദിക്ക് ഇങ്ങനെ വേണ്ടിവരുന്നത്? ഇന്ത്യ ഒരു ദേശരാഷ്ട്രമായി രൂപാന്തരപ്പെട്ടുവരുന്നതിന്റെ ഭാഗമായ വലിയ സങ്കീർണ്ണതകളെ ഒരു കാലത്തും അഭിമുഖീകരിക്കാൻ കഴിയാത്തതുകൊണ്ടാണ് സംബോധന ആവശ്യമായി വരുന്നത്. Interpellation എങ്ങനെയാണ് ഒരു വിഷയിയെ ഉണ്ടാക്കുന്നത്, അല്ലെങ്കിൽ ദേശവാസിയെ രൂപപ്പെടുത്തുന്നത് എന്നതാണ് ഞാൻ തുടർന്ന് പറയാൻ പോകുന്ന കാര്യങ്ങളുടെ പശ്ചാത്തലം. *(തുടരും)* ■

# ദുഃഖവും അമർഷവും കലർന്ന വായന

**ഡോ. എ. അച്യുതൻ**

നബീലിന്റെ പുസ്തകം വായിച്ചു. ദുഃഖവും അമർഷവും രോഷവും നിരാശാബോധവും കുറേക്കൂടി വർദ്ധിച്ചു എന്നല്ലാതെ എന്തുപറയാനാണ്. 1972ലെ സ്റ്റോക്ഹോം പരിസ്ഥിതി കൺവെൻഷനു ശേഷം ഞാനടക്കമുള്ള കുറച്ചു ഭ്രാന്തന്മാരും 'വികസന വിരോധികളും' പ്രകൃതി സംരക്ഷണത്തെപ്പറ്റി പഠിച്ചു, നിരവധി ക്ലാസുകളെടുത്തു, ലേഖനങ്ങളും പുസ്തകങ്ങളും എഴുതി. എന്നാൽ ഭൂരിപക്ഷം മലയാളികളും ഇതെല്ലാം കണ്ടില്ലെന്ന് ഭാവിക്കുന്നു. അവർക്ക് ഉപഭോഗത്വര കൈവിടാൻ മനസ്സില്ല. ധനമുതലാളിത്തത്തിന്റെ കൊലക്കയർ സ്വയം കഴുത്തിൽ അണിയുന്നവർ. പാറസംഹാര വിഷയത്തിൽ മറ്റെല്ലാത്തിലും എന്നപോലെ, ഗവൺമെന്റുകളും കോടതികളും കൈക്കൊള്ളുന്ന നെഗറ്റീവ് അജണ്ടയെപ്പറ്റി നബീൽ വിസ്തരിച്ച് പറയുന്നുണ്ട്. വേലി തന്നെ വിളവ് നശിപ്പിച്ചാൽ എന്തുചെയ്യും? പാറമടകൾ കാരണം തദ്ദേശവാസികൾ നേരിട്ടനുഭവിക്കുന്ന ദുഃഖം ഞാൻ കണ്ടിട്ടുണ്ട്. കുറച്ച് ജിയോളജിയും ഹൈഡ്രോളജിയും മിറ്റീരിയോളജിയും ഒക്കെ പഠിക്കാൻ ശ്രമിച്ചിട്ടുള്ള എനിക്ക് ഇതൊന്നും സഹിക്കാനുള്ള കഴിവില്ല. നബീലിനെപ്പോലെ കുറച്ചു ചെറുപ്പക്കാർ ഭ്രാന്തുപിടിച്ച് ഇറങ്ങുന്നുണ്ടല്ലോ എന്നതു മാത്രമാണ് ചെറിയൊരു ആശ്വാസം. ഈ പുസ്തകം ആയിരമായിരം പേർ വായിക്കുമാറാകട്ടെ. ഇനിയും ഇത്തരത്തിൽ ഇൻവസ്റ്റിഗേറ്റീവ് റിപ്പോർട്ടുകളെഴുതാൻ നബീലിനും കൂട്ടർക്കും കഴിയട്ടേ...

**(സി.കെ.എം നബീൽ രചിച്ച് കേരളീയം പുസ്തകശാല പ്രസിദ്ധീകരിച്ച പുസ്തകമായ 'മുറിവേറ്റ മലയാഴം' പ്രകാശനം ചെയ്തുകൊണ്ട് കോഴിക്കോട് സംസാരിച്ചത്).**




**വില: 150 രൂപ. പേജ്: 152.**
**കോപ്പികൾക്ക്: 04872421385**